




സംസ്ഥാന ഖജനാവിലേക്കും പാർട്ടിഫണ്ടുകളിലേക്കും പണമൊഴുകാനുള്ള എളുപ്പമാർഗ്ഗമായി മദ്യം പ്രതിഷ്ഠിക്കപ്പെട്ടതോടെ കേരളം ഒരു സമ്പൂർണ്ണ മദ്യ സംസ്ഥാനമായി മാറിയിരിക്കുകയാണ്. സാമൂഹിക ജീവിതത്തിന്റെ സർവ്വകോണുകളിലേക്കും മദ്യം ഒരലങ്കാരമായി കടന്നുകയറുമ്പോൾ ലഹരിയുടെ അർത്ഥം പോലും മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. റേഷൻകടകൾക്ക് മുന്നിലുണ്ടായിരുന്ന തിരക്കിനെ ചരിത്രം ബിവറേജസിന് മുന്നിലേക്ക് പറിച്ചു നട്ടു. ഈ പശ്ചാത്തലത്തിലും കേരളത്തിൽ മദ്യവിരുദ്ധ സമരങ്ങൾ തുടരുകയാണ്. പഞ്ചായത്തീരാജ് നഗരപാലികാനിയമങ്ങളിലുണ്ടായിരുന്ന പ്രാദേശികമദ്യനിരോധനജനാധികാര വകുപ്പുകൾ 232-447 പുനഃസ്ഥാപിക്കുക എന്ന് ആവശ്യപ്പെട്ട് നടക്കുന്ന മലപ്പുറത്തെ അനിശ്ചിത കാല മദ്യനിരോധന സമരത്തിന്റെ വിശേഷങ്ങൾ

## മലപ്പുറം

# അനിശ്ചിതകാല മദ്യനിരോധനസമരം

ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ

പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങളിലുണ്ടായിരുന്ന പ്രാദേശികമദ്യനിരോധനജനാധികാരവകുപ്പുകൾ 232-447 പുനഃസ്ഥാപിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് മെയ് 1 ന് സെക്രട്ടേറിയേറ്റ് നടയിലും കണ്ണൂർ മുനിസിപ്പൽ ഓഫീസിന് മുന്നിലും തുടങ്ങിയ അനിശ്ചിതകാലസത്യാഗ്രഹമാണ് ഇപ്പോൾ മലപ്പുറം കലക്ടറേറ്റ് നടയിൽ തുടർന്നുപോരുന്നത്. 2008 ആഗസ്റ്റ് 21 ന് മലപ്പുറത്ത് തുടങ്ങി ഈ ആഗസ്റ്റ് 21 ന് മൂന്നാം വർഷത്തിലേക്ക് കടക്കുന്നു. ഇതിന് സമാനവും സമാന്തരവുമായി കോട്ടയം കലക്ടറേറ്റ് നടയിൽ തുടങ്ങിയ സമരം ജൂലൈ 28 ന് 300 ദിവസം പിന്നിട്ടു.

കണ്ണൂരിൽ 101 ദിവസം കഴിഞ്ഞപ്പോൾ അവിടത്തെ അസാധ്യതയെ തുടർന്നാണ് സത്യാഗ്രഹം മലപ്പുറത്തേക്ക് മാറ്റിയത്. തിരുവനന്തപുരത്ത് വളരെ പെട്ടെന്ന് തന്നെ നിലച്ചുപോകുകയും ചെയ്തു. മലപ്പുറത്തെ സത്യാഗ്രഹത്തിന് തുടക്കത്തിൽ ജില്ലാമദ്യനിരോധനസമിതിയായിരുന്നു നേതൃത്വം. മൂന്ന് മാസം കഴിഞ്ഞപ്പോഴേക്കും സമരം നിർത്തണം തുടരാനാകില്ല എന്നായി ജില്ലാ നേതാക്കൾ.

പക്ഷെ, മലപ്പുറം സത്യാഗ്രഹം ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ് മാസ്റ്റർ നടത്തിയ പ്രഖ്യാപനം മൂലമാണ് സംസ്ഥാന നേതാക്കളിൽ 3 പേർ എങ്ങിനെയെങ്കിലും സത്യാഗ്രഹം തുടരണമെന്ന് ആഗ്രഹിച്ചത്. ഈയൊരു നിയമം പുനഃസ്ഥാപിച്ചുകിട്ടിയാൽ മലപ്പുറമായിരിക്കും ആദ്യത്തെ മദ്യമുക്തജില്ല എന്നായിരുന്നു അരിമ്പ്രയുടെ പ്രഖ്യാപനം. മാത്രമല്ല സത്യാഗ്രഹത്തിന്റെ 45 ാം ദിവസം ജില്ലാ പഞ്ചായത്ത് ഒരു പ്രമേയം പാസാക്കി സർക്കാറിനയച്ചുകൊടുത്തതും സമരചിന്തക്കും നേതാക്കൾക്കും ആവേശം പകരുന്നു. പ്രദേശികമായി മദ്യം നിരോധിക്കാൻ ജനങ്ങൾക്കുണ്ടായിരുന്ന അധികാരം പുനഃസ്ഥാപിക്കണമെന്നും ഈ കാര്യത്തിനായി മലപ്പുറം കലക്ടറേറ്റ് നടയിൽ തുടരുന്ന കേരള മദ്യനിരോധനസമിതിയുടെ അനിശ്ചിതകാലമദ്യനിരോധനസത്യാഗ്രഹം സർക്കാർ ഉടൻ പരിഗണിക്കണമെന്നായിരുന്നു പ്രമേയത്തിന്റെ സാരം.

വൈകാതെ കേരള അസംബ്ലിയിൽ കൊണ്ടോട്ടി എം.എൽ.എ മുഹമ്മദുണ്ണിഹാജി മലപ്പുറം സത്യാഗ്രഹത്തെ കുറിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചു. ബഹു. പഞ്ചായത്ത് മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ മറുപടിയാകട്ടെ അങ്ങിനെയൊരു സമരമറിയില്ലെന്നും. സത്യാഗ്രഹനേതാക്കൾ നേരത്തെ തന്നെ മന്ത്രിക്കൊരു നിവേദനം കൊടുത്തതിന്റെ ചിത്രവും വാർത്തയും പത്രത്തിൽ വന്നിട്ടും മന്ത്രി സത്യവിരുദ്ധമായി നിയമസഭയിൽ പറഞ്ഞതിൽ പ്രതിഷേധിച്ച് സത്യാഗ്രഹസംഘം മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ പിന്നീടൊരു പദയാത്രയും നടത്തി. പിന്നെ, ഫിബ്രുവരി 26 ന് മലപ്പുറം




എം.എൽ.എ അഡ്വ. എം. ഉമ്മർ നിയമസഭയിൽ മറ്റൊരു സബ്മിഷൻ കൊണ്ടുവന്നു. തൽസമയം മദ്യനിരോധനസമിതി വലിയൊരു നിയമസഭാ മാർച്ചും സംഘടിപ്പിച്ചു. അക്കാലത്തും സമരം നിർത്തണമെന്ന ജില്ലാ മദ്യനിരോധനസമിതിയിൽ ചിലരുടെ ആവശ്യം പലതവണ ആവർത്തിക്കപ്പെട്ടുപോരുകയായിരുന്നു.

അതുകൊണ്ടുതന്നെ, നിയമസഭാ മാർച്ചിന് ശേഷം അന്ന്, മുൻകൂർ നൽകിയ നോട്ടീസ് പ്രകാരം സ്റ്റേറ്റ് ഭാരവാഹികൾ തിരുവനന്തപുരത്ത് സമ്മേളിച്ച് , സത്യാഗ്രഹം സംസ്ഥാനസമിതി ഏറ്റെടുക്കാൻ തീരുമാനിച്ചു. അതിൻ പ്രകാരം, സത്യാഗ്രഹത്തിലേർപ്പെട്ടുകൊണ്ടിരുന്ന സംസ്ഥാന ഭാരവാഹികൾ നയിക്കുന്ന സത്യാഗ്രഹസമിതിയാണ് ഇപ്പോഴും സമരം മുന്നോട്ടുകൊണ്ടുപോകുന്നത്.

മേൽപറഞ്ഞ എം.എൽ.എ മാർക്കു പുറമെ സർവ്വശ്രീ കുട്ടി അഹമ്മദ് കുട്ടി, അബ്ദുറബ്ബ്, അബ്ദുറഹിമാൻ രണ്ടത്താണി എന്നീ എം.എൽ.എമാരും മലപ്പുറം സത്യാഗ്രഹവിഷയവും അത് ഉന്നയിക്കുന്ന ആവശ്യവും നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. പക്ഷെ, ധാർമ്മിക വിഷയങ്ങൾക്ക് നേരെ കണ്ണടയ്ക്കുകയും ഗാന്ധിമാർഗ്ഗസത്യാഗ്രഹങ്ങളെ അവഗണിക്കുകയും ചെയ്യുന്ന ഇന്നത്തെ സർക്കാർ മാന്യമായ ഒരു പ്രതികരണം പോലും പ്രകടിപ്പിച്ചിട്ടില്ല. എന്നാൽ മലപ്പുറത്തിന്റെ മണ്ണ് , അല്ല മനസ്സ് മദ്യനിരോധനസത്യാഗ്രഹത്തിന് ഏറ്റവും പറ്റിയതാണെന്ന ബോധ്യത്തോടെ തന്നെയാണ് സത്യാഗ്രഹസമിതി നേതാക്കൾ പിടിച്ചുനിൽക്കുന്നത്. കേരളത്തിൽ മറ്റൊരിടത്തും ദൃശ്യമാകാത്ത ജനപിന്തുണ മലപ്പുറത്ത് പ്രകടമായിട്ടുണ്ട്. ഇന്ത്യയിലെ 55 മുസ്ലീം ഭൂരിപക്ഷജില്ലകളിൽ ഏറ്റവുമധികം ഖുർആൻ വായിക്കപ്പെടുന്ന ജില്ലയാണ് മലപ്പുറം. മദ്യത്തിനെതിരെ ഏറ്റവുമധികം കൽപ്പനകളും വിലക്കുകളുമുള്ള ഗ്രന്ഥമാണ് ഖുർആൻ. സുന്നി, മുജാഹിദ് വിഭാഗങ്ങളിലെ രണ്ട് കൂട്ടരും ജമാഅത്തെ ഇസ്ലാമി തുടങ്ങിയ മുഴുവൻ മുസ്ലീം വിഭാഗങ്ങളും മുസ്ലീം നേതൃത്വത്തിലുള്ള എല്ലാ പാർട്ടിക്കാരും മദ്യവിരുദ്ധമുന്നേറ്റങ്ങളെ സഹായിക്കുമെന്ന് തന്നെയാണ് സത്യാഗ്രഹനേതൃത്വം കണക്കുകൂട്ടുന്നത്. കെ.സി.ബി.സി ഉള്ളതിനാലും ബൈബിളിൽ വിശ്വസിച്ചിക്കുന്നതിനാലും ഒരു സത്യക്രിസ്ത്യാനിക്കും മദ്യനിരോധനസത്യാഗ്രഹത്തെ അവഗണിക്കാനാവില്ലെന്നും സമരനേതാക്കൾ കണക്കുകൂട്ടി. മതപ്രാതിനിധ്യമില്ലെങ്കിലും ധർമ്മബോധമുള്ള എത്രയോ ഹിന്ദു വിശ്വാസികളും സത്യാഗ്രഹത്തിൽ സഹകരിച്ചുപോരുന്നുണ്ട്.

ഒട്ടേറെ ഗ്രാമപഞ്ചായത്തുകളിലെ ജനനേതാക്കളും മതനേതാക്കളും മതപഠിതാക്കളുമൊക്കെ ചെറുതും വലുതുമായ സംഘങ്ങളായി സമരപ്പന്തലിലെത്തിയിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ നിന്ന് അധ്യാപകരും വിദ്യാർത്ഥികളും പലതവണ സത്യാഗ്രഹത്തിൽ പങ്കുകൊണ്ടു.

2009 ഡിസംബർ 11 ന് തികച്ചും മര്യാദകെട്ട രീതിയിൽ ജില്ലാ കലക്ടറുടെ ബുദ്ധിപ്രകാരം സത്യാഗ്രഹപന്തൽ നശിപ്പിക്കപ്പെട്ടപ്പോൾ , സത്യാഗ്രഹനേതാക്കളിലൊരാൾ ചെറുത്തുനിൽപ്പിനെ തുടർന്നുള്ള പരിക്കുകളോടെ ആശുപത്രിയിലാക്കപ്പെട്ടപ്പോൾ മലപ്പുറം പ്രകടിപ്പിച്ച പ്രതിഷേധവും സമരത്തോടുള്ള ഐക്യദാർഢ്യവും ആവേശകരമായിരുന്നു. പന്തൽ തകർക്കപ്പെടുംമുമ്പ് ആരംഭിച്ച ആയിരം കിലോമീറ്റർ പദയാത്ര ജില്ലയിൽ വമ്പിച്ച സമരാവേശം ഉയർത്തിയതാകാം കലക്ടറെ പ്രകോപിച്ചതെന്നാണ് പലരുടേയും ഉറച്ച വിശ്വാസം. പദയാത്രയിൽ അനിവാര്യമായും ഉണ്ടാകേണ്ട ഒരാൾ കാലിന് പരിക്കേറ്റ് കിടപ്പിലായതിനാലും പിന്നീട് ദീർഘദൂരം നടക്കാനാകാത്തതിനാലും പദയാത്ര മുടങ്ങിപ്പോയി.

പത്ര-ദൃശ്യമാധ്യമങ്ങളും സത്യാഗ്രഹത്തിന് നല്ല സഹായവും സഹകരണവും നൽകിയിട്ടുണ്ട്. ആദ്യമായി എഡിറ്റോറിയൽ എഴുതിയ സിറാജ് ദിനപത്രം ഏറ്റവും അവസാനമായി ഒരു വിശേഷലേഖനവും സത്യാഗ്രഹകാര്യത്തിൽ പ്രസിദ്ധീകരിച്ചു. മാധ്യമത്തിലും ആഗോളശ്രദ്ധയിലെത്തുന്ന വലിയ ഒരു റൈറ്റപ്പ് വന്നു. മംഗളവും തേജസ്സും ദീപികയും കാര്യമായ മുഖപ്രസംഗങ്ങളെഴുതി. ചന്ദ്രികയും വർത്തമാനവും മലയാളമനോരമയും പരിഗണനക്കനുസരിച്ച് പ്രതികരിച്ചിട്ടുണ്ട്. (വാർത്ത കൊടുക്കുന്ന കാര്യത്തിൽ പുറംജില്ലകളിലെത്താതെ നോക്കാൻ പത്രങ്ങളും ചാനലുകളും വേണ്ടപോലെ നോക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്). ശബാബ് പുടവ എന്നീ മാസികയും കാര്യമായ രണ്ടു ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. 8000 ത്തോളം പേർ ഈ രണ്ട്വർഷം കൊണ്ട് സത്യാഗ്രഹികളും സന്ദർശകരുമായി മലപ്പുറം കലക്ടറേറ്റ്നടയിലെ മദ്യനിരോധന സമരപന്തലിൽ വന്നുപോയിട്ടുണ്ട്.

എടുത്തുപറയത്തക്ക ഒരു സംഭവമാണ്, അല്ല പങ്കാളിത്തമാണ് ആചാര്യസച്ചിദാനന്ദസ്വാമികളുടെ നേതൃത്വത്തിലുള്ള ധർമ്മരാജ്യവേദി നൽകിയ പിന്തുണ. കഴിഞ്ഞ മെയ് 23 ന് സത്യാഗ്രഹ ഭൂമികയിൽ നിന്നാരംഭിച്ച ധർമ്മരാജ്യവേദിയുടെ ഒരു വാഹനജാഥ 14 ദിവസം കൊണ്ട് എല്ലാ ജില്ലകളിലും സഞ്ചരിച്ച് മലപ്പുറം സത്യാഗ്രഹത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തി. സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ചു. **മദ്യമുക്തകേരളം പഞ്ചായത്തീരാജ് ജനാധിപത്യം** എന്ന മുദ്രാവാക്യവുമായി സഞ്ചരിച്ച സന്ദേശജാഥ മലപ്പുറം സത്യാഗ്രഹത്തിന്റെ ആവശ്യം തന്നെയാണ് കേരളത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

പ്രാദേശിക മദ്യനിരോധനജനാധികാരം പുന:സ്ഥാപിച്ചുതരാനും ആ വിഷയത്തിൽ മലപ്പുറത്ത് തുടരുന്ന അനിശ്ചിതകാലസത്യാഗ്രഹം പരിഗ




ണിക്കാനുമായി 15 ലക്ഷം സ്ത്രീകൾ ഒപ്പിട്ട ഭീമഹർജി മുഖ്യമന്ത്രിക്ക് സമർപ്പിക്കാൻ ലക്ഷ്യം വെച്ച മഹിളാ മെമ്മോറിയൽ ചരിത്രപ്രസിദ്ധമായൊരുദൗത്യമാണ് നിർവഹിച്ചത്. 2009 നവംബർ 14 ന് ആരംഭിച്ച ഒപ്പുശേഖരണം അവസാനിച്ചത് 2010 ജൂണിലാണ്. ഒരു ഗംഭീരപരിപാടിയെന്ന നിലയിൽ ബഹുലക്ഷം സ്ത്രീകളുടെ ഒപ്പുള്ള ഭീമഹർജി കേരളത്തിന്റെ മദ്യവിരുദ്ധസമിതിക്കാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ചത് ജൂൺ 9 നായിരുന്നു. പ്രസിദ്ധ എഴുത്തുകാരി സാറാ ജോസഫും മദ്യനിരോധനസംസ്ഥാന സെക്രട്ടറി പ്രൊഫ. ഒ.ജെ ചിന്നമ്മയുമായിരുന്നു മഹിളാമെമ്മോറിയലിന്റെ ചേയർപേഴ്സണും കൺവീനറും. ഭീമഹരജി സമർപ്പണത്തിന് ശേഷം കദീജ നർഗ്ഗീസ് ചേർപേഴ്സണും, അഡ്വ. സുജാത വർമ്മ കൺവീനറുനമായി മലപ്പുറം ജില്ലയിൽ മദ്യവിരുദ്ധ മഹിളാവേദിയും രൂപീകൃതമായിട്ടുണ്ട്. മഹിളാമെമ്മോറിയൽ എന്ന ആശയം മുന്നോട്ടുവെച്ചത് മലപ്പുറം സത്യാഗ്രഹവിജയത്തിനായി രൂപീകരിക്കപ്പെട്ട ഐക്യദാർഢ്യസമിതിയായിരുന്നു. കേരള സർവ്വോദയ മണ്ഡലം ജനറൽ സെക്രട്ടറിയായിരിക്കെ എം. പീതാംബരനും പ്രമുഖ ഗാന്ധിമാർഗ്ഗപ്രവർത്തകനായ സണ്ണി പൈകടയും നേതൃത്വം കൊടുത്താണ് ഐക്യദാർഢ്യസമിതി മുന്നോട്ടുപോയത്. മലപ്പുറം സമരത്തിന്റെ 300 ാം ദിവസം കേരളത്തിലെ 12 ജില്ലാ ആസ്ഥാനങ്ങളിൽ ധർണ്ണ നടന്നു. (സംസ്ഥാന മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ പുന:സംഘാടനത്തോടെ ഐക്യദാർഢ്യസമിതി തുടരേണ്ടതില്ല എന്ന് തീരുമാനിക്കപ്പെടുകയാണ് ഉണ്ടായത്.)

മലപ്പുറത്തെ സത്യാഗ്രഹത്തിന് പിന്തുണയായും സമരാവേശം നേടിയെടുക്കാനുള്ള ഐക്യദാർഢ്യ എന്ന നിലക്കുമാണ് ദക്ഷിണകേരളത്തിൽ കോട്ടയം കലക്ടറേറ്റ് പടിക്കൽ 2009 ഒക്ടോബർ 2 ന് ഒരു അനിശ്ചിതകാലസത്യാഗ്രഹം തുടങ്ങിയത്. ഇതിന് പുറമെ മലപ്പുറം സത്യാഗ്രഹത്തിന്റെ പ്രേരണയാൽ വിവിധ മദ്യവിരുദ്ധസമരങ്ങൾ ജില്ലയിൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ആ വകയിൽ വാറങ്കോട് ബാർ അടപ്പിച്ചതും പുത്തനത്താണിയിൽ ബാർ മേലാൽ തുറക്കാൻ കഴിയില്ലെന്നതും വളാഞ്ചേരി ബാറിൽ എം. എൽ.എ കെ.ടി ജലീലിന്റെ എം. എൽ.എ കാലം കഴിയുന്നതുവരെ മദ്യം വിളമ്പില്ല എന്ന ഉറപ്പും വലിയ വിജയം തന്നെയാണ്. കൂടാതെ ക്ഷുഭിതരായ ജനങ്ങൾ കാടാമ്പുഴ കള്ളുഷാപ്പിന് തീയ്യിട്ട് മുതലാളിയെ ഓടിച്ചതും കവിലടയിൽ സാമൂഹ്യദ്രോഹികൾ ഷാപ്പ് തകർത്ത് കള്ള് വിൽപ്പന അവസാനിപ്പിച്ചതും കൂട്ടായിക്കടുത്ത് നാട്ടുകാർ സമരം ചെയ്ത് ഒരു കള്ളുഷാപ്പ് പൂട്ടിച്ചതും വണ്ടൂരിൽ ജനങ്ങൾ സംഘടിച്ച് ഒരു ബാറിന്റെ പണി തുടങ്ങാൻ അനുവദിക്കാതിരുന്നതും ശ്രദ്ധേയങ്ങളും പ്രതീക്ഷാനിർഭരങ്ങളുമായ പ്രതികരണങ്ങളാണ്. പരപ്പനങ്ങാടിയിലെ സർക്കാർ മദ്യഷാപ്പിനെതിരെ പഞ്ചായത്ത് പ്രസിഡന്റ് ഉമ്മർ ഒട്ടുമ്മൽ നേതൃത്വം കൊടുക്കുന്ന അത്യന്തികസമരം പ്രഖ്യാപിച്ചുകഴിഞ്ഞതും ഒരു വലിയ കാര്യമാണ്.

മലപ്പുറം സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ച ഏകതാപരിഷത്തിനുവേണ്ടി ഏകതാമഹിളാമഞ്ചും ജില്ലയിലെ മദ്യവിരുദ്ധമഹിളാ മെമ്മോറിയലും സത്യാഗ്രഹസമിതിയും 4 വാഹനജാഥകളിലായി 45 ഉം പദയാത്രയിലും മറ്റു പര്യടനങ്ങളിലുമായി 48 ഉം വിവിധ വിദ്യാലയ കലാസമിതികളുടേയും മതസംഘടനകളുടേയും ആഭിമുഖ്യത്തിൽ 34 ഉം പൊതുപ്രസംഗങ്ങളാണ് ഇതിനകം ജില്ലയിൽ നടത്തിയത്. മൊത്തം 128 പരിപാടികൾ.

കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ നിന്ന് മദ്യനിരോധനസമിതിനേതാക്കളും പ്രവർത്തകരും യഥാശക്തി സത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടുണ്ട്. കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ പങ്കാളിത്തവും മലപ്പുറം സത്യാഗ്രഹത്തിന് ലഭിച്ചിട്ടുണ്ട്.

മലപ്പുറം സത്യാഗ്രഹത്തിന്റെ ആവശ്യങ്ങൾ സർക്കാറിൽ നിന്നും ഉന്നയിക്കുവാൻ കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്ത് ഐക്യദാർഢ്യസമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി ജില്ലാ മദ്യനിരോധനസമിതി നേതൃത്വങ്ങൾക്കെത്തിച്ചിട്ടുണ്ട്. ഓരോ ജില്ലയും തപാൽ മാർഗ്ഗം ആ കത്തുകളയക്കാനായിരുന്നു തീരുമാനം.

മലപ്പുറം സത്യാഗ്രഹത്തിന്റെ വിജയപ്രതീക്ഷ ചില ജനനേതാക്കളുടെ പ്രഖ്യാപനങ്ങളാണ്. സത്യാഗ്രഹപന്തലിൽ വന്ന ഡോ. കെ.ടി ജലീൽ പറഞ്ഞത് ഈ സമരത്തിന്റെ ഉത്തരം മലപ്പുറം ജില്ലയിൽ നിന്ന് തന്നെ ലഭിക്കണമെന്നായിരുന്നു . വളരെ വൈകാതെ വാറങ്കോട് ബാർ അടച്ചതും തുടർന്ന് വിവിധ പൊതുയോഗങ്ങളിലുമായി യു.ഡി.എഫ് ലീഡറും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ജന. സെക്രട്ടറിയുമായ പി.കെ കുഞ്ഞാലികുട്ടി പ്രഖ്യാപിച്ചു. യു.ഡി.എഫ് അധികാരത്തിൽ വന്നാൽ പഞ്ചായത്തീരാജ്-നഗരപാലികാ നിയമങ്ങളിൽ നിന്നും റദ്ദ് ചെയ്ത പ്രദേശികമദ്യനിരോധനജനാധികാരം പുന:സ്ഥാപിക്കും . വി.എം സുധീരനും, ടി.എൻ പ്രതാപൻ എം.എൽ. എയും ആവർത്തിച്ചുറപ്പിച്ചതാണ് ഈ വാഗ്ദാനങ്ങൾ.

ഭരണമുന്നണിയിലെ മുഖ്യകക്ഷിയും അതിന്റെ വർഗ്ഗസംഘടനകളുമൊഴികെ മലപ്പുറം ജില്ലയിലെ എല്ലാ പാർട്ടികളും അവയുടെ പോഷകസംഘടനകളും




സന്ദർശകരോ സത്യാഗ്രഹികളോ ആയി സത്യാഗ്രഹപന്തലിൽ വന്നു പോയിട്ടുണ്ട്. അഭിവാദ്യങ്ങൾ അർപ്പിച്ചിട്ടുണ്ട്. ഡോ. സുകുമാർ അഴീക്കോട്, എം.പി വീരേന്ദ്രകുമാർ, പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ, അബ്ദുസമദ് സമദാനി, റഹ്മത്തുള്ള കാസിമി, ഏകതാപരിഷത്ത് ചെയർമാൻ പി.വി രാജഗോപാൽ, ആചാര്യ ഗുരു സ്വാമിസച്ചിദാനന്ദസ്വാമികൾ, മലപ്പുറത്തെ മുഴുവൻ മുസ്ലീം ലീഗ് എം. എൽ.എമാർ ഇ.ടി മുഹമ്മദ് ബഷീർ, എം.എൽ,എ, എ.പി അനിൽകുമാർ എം.എൽ.എ, ടി.എൻ.പ്രതാപൻ എം.എൽ.എ, മുൻമന്ത്രി സി.കെ നാണു, കെ.രാമൻപിള്ള, കെ.പി ശ്രീശൻ, വി.സി കബീർ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ, ഡോ. എം.പി മത്തായി, തായാട്ട് ബാലൻ, സാറാ ജോസഫ്, ഡോ.ഹുസൈൻമടവൂർ, ടി. ആരിഫ് അലി, ഫാ. തോമസ് തൈത്തോട്ടം, ജയപ്രകാശ് നാരായണൻ എന്നിവർ ചുരുക്കം ചിലർ മാത്രം.

ഇപ്പോൾ മുൻ എം.പി സി. ഹരിദാസ് ചേർമേനും ഫാദർ വർഗ്ഗീസ് മുഴുത്തേറ്റ് വർക്കിംഗ് ചേർമേനും ഹാജി മാഹിൻ നെരോത്ത് ട്രഷററും ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ ജന.കൺവീനറും, ടി.കെ.എൻ നാസർ ജോ. കൺവീനറുമായാണ് സത്യാഗ്രഹ സമിതി ഭാരവാഹിത്തം. അഡ്വ. എം. ഉമ്മർ എം.എൽ.എ, റവ. ഡോക്ടർ തോമസ് പനയ്ക്കൽ എന്നിവരാണ് മുഖ്യരക്ഷാധികാരികൾ. ആറ് താലൂക്കിൽ നിന്നുമായി സത്യാഗ്രഹികൾ വന്നുകൊണ്ടിരിക്കുന്നു.സത്യാഗ്രഹ സമിതി വർക്കിംഗ് ചേർമേൻ ജന. കൺവീനർ എന്നിവർക്ക് പുറമെ സ്വാതന്ത്ര്യസമരസേനാനി കെ. അപ്പ നായർ, ഇയ്യച്ചേരി പദ്മിനി എന്നിവരാണ് സത്യാഗ്രഹത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. മലപ്പുറം സമരം എത്രയും വേഗം അവസാനിപ്പിക്കണമെന്നാണ് സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനം. എന്നാൽ ആഗസ്റ്റ് ഒന്നിന് കോഴിക്കോട് നടന്ന സംസ്ഥാന നേതൃ പ്രവർത്തക ക്യാമ്പ് ഐകകണ്ഠേന നേതാക്കളുടെ ഈ തീരുമാനത്തെ കുറ്റപ്പെടുത്തകയും മലപ്പുറം സമരം എന്തുവിലകൊടുത്തും തുടരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

***ജനറൽ കൺവീനർ,***
***അനിശ്ചിതകാല***
***മദ്യനിരോധനസത്യാഗ്രഹം,***
***കലക്ടറേറ്റ് നട, മലപ്പുറം***
***9447445452***

---

***(52-ാം പേജിൽ നിന്നും തുടർച്ച)***

ന്നുണ്ട്. പാലക്കാട് ഗ്യാപ്പിന് വടക്കുള്ള ഭാഗം രൂപാന്തരപ്പെട്ടതിനു ശേഷം 300 കോടി വർഷങ്ങൾക്കു ശേഷമാണ് പാലക്കാട് ഗ്യാപ്പിന് തെക്കോട്ടുള്ള ഭാഗം രൂപാന്തരപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ പ്രദേശം ഭൂമിശാസ്ത്രപരമായി ദുർബലമായ ഭൂഗർഭ ഘടനയുള്ള പ്രദേശമാണ്. ഇത്തരം പ്രദേശങ്ങളിൽ യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും നടത്തിയില്ലെങ്കിൽതന്നെ ഭൂമി സ്വയമേവ ഇടിഞ്ഞ് അമർന്നിരിക്കുന്നതിനും മലയിടിച്ചിൽ സംഭവിക്കുന്നതിനും സാധ്യതയുണ്ട്. ഇത് തെളിയിക്കുന്നതാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള ആയിരക്കണക്കിന് മലയിടിച്ചിലുകളും ഉരുൾപൊട്ടലുകളും. മറ്റ് നദികളിൽ നിന്നും വ്യത്യസ്തമായി പെരിയാർ രൂപീകൃതമായിട്ടുള്ളത് ലീനിയമെന്റുകളാലാണ്.

ലീനിയമെന്റ് എന്നാൽ ഫ്രെയിമുള്ള ഒരു കണ്ണാടി നിലത്തുവീണാൽ അതിൽ പൊട്ടലുകൾ വീഴും പോലെ ഭൂമിയുടെ ഉപരിതലം ഒട്ടാകെ പൊട്ടലുകളാലും വിള്ളലുകളാലും നിറഞ്ഞിട്ടുള്ള പ്രദേശമാണ് ലീനിയമെന്റുകൾ. ഇത്തരം ലീനിയമെന്റുകൾ ഭ്രംശമേഖലകളും ഷിയർ സോണുകളുമായിരിക്കും. ലീനിയമെന്റുകളിലെ വിള്ളലുകളിലൂടെ ജലപ്രവാഹമുണ്ടായി രൂപാന്തരം പ്രാപിച്ച പെരിയാർ നദീതടം അതുകൊണ്ടുതന്നെ ഭൂചലന മേഖലകൾ കൂടിയാണ്. മുല്ലപ്പെരിയാർ അണക്കെട്ട് തർക്കവുമായി ബന്ധപ്പെട്ട് ഡൽഹി, റൂർഖി, ഐ.ഐ.റ്റി-കളിലെ സയന്റിസ്റ്റുകൾ നടത്തിയിട്ടുള്ള പഠനത്തിൽ മുല്ലപ്പെരിയാർ ഉൾപ്പടെയുള്ള ഇടുക്കി മേഖലകൾ അതീവ തീവ്രതയുള്ള ഭൂകമ്പ സാദ്ധ്യതാ പ്രദേശങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം മേഖലകളിൽ അണക്കെട്ടുകൾ പോലുള്ള ഭൂമിക്കുമീതെ ഭൂമിക്കുതാങ്ങാവുന്നതിൽ കൂടുതൽ ഭാരം കയറ്റിവയ്ക്കുന്ന നിർമ്മാണങ്ങൾ നടത്തിയാൽ ഭൂമിയുടെ പാറഅടരുകൾ അടർന്ന്, അമർന്ന് പാറകൾ തമ്മിലുള്ള കൊളുത്തിപിടുത്തം നഷ്ടപ്പെട്ട്, ഒരു വലിയ ഭൂഭാഗം ഒട്ടാകെ സ്ലിപ്പ് ചെയ്ത് ഒലിച്ചുപോവുന്നതിനുള്ള സാധ്യതയുണ്ട്. ഇത് അണക്കെട്ടുകളുടെ തകർച്ചയ്ക്കും ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവന്റെ സുരക്ഷക്കും കടുത്ത ഭീഷണിയാണ് ഉയർത്തുക. കേരളത്തെ മരുവൽക്കരണത്തിൽ നിന്നും പാരിസ്ഥിതിക പ്രതിസന്ധികളിൽ നിന്നും രക്ഷിക്കുവാൻ അവശേഷിക്കുന്ന വനമേഖലകളെ നമുക്ക് കാത്തു സൂക്ഷിച്ചേ മതിയാവൂ. സാമൂഹികമായും, സാമ്പത്തികമായും പാരിസ്ഥിതികമായും കേരളത്തിന് വൻ ബാധ്യതയാവുന്ന പൂയംകുട്ടി പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നവർ വികസനമെന്ന വിരൽ മറവിൽ ഉരൽ വിഴുങ്ങാൻ വെമ്പുന്ന അഴിമതിക്കാർ മാത്രമാണ്.

ബന്ധങ്ങൾക്ക്: 9447154564